● ഇളങ്ങുളം ബാങ്ക് തട്ടിപ്പ്

24 വർഷമായി ഒളിവിൽ കഴിഞ്ഞ മുൻ സെക്രട്ടറി വിമാനത്താവളത്തിൽ പിടിയിൽ

കോട്ടയം: ഇളങ്ങുളം സർവീസ് സഹകരണ ബാങ്കിലെ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് 24 വർഷമായി ഒളിവിൽ കഴിഞ്ഞിരുന്ന മുൻ സെക്രട്ടറി വിജിലൻസ് പിടിയിൽ. പനമറ്റം മുളങ്കുന്നത്ത്പറമ്പിൽ ഗോപിനാഥൻ നായരെ (68)യാണ് കോട്ടയം വിജിലൻസ് ആന്റി കറപ്ഷൻസ് ബ്യൂറോ സംഘം നെടുമ്പാശേരി വിമാനത്താവളത്തിൽനിന്ന് ഇന്നലെ പുലർച്ചെ അറസ്റ്റ് ചെയ്തത്. മൂന്നു വർഷം മുമ്പ് ലൂക്കൗട്ട് നോട്ടീസ് പുറപ്പെടുവിക്കുകയും ഇന്റർപോളിനു വിവരം കൈമാറുകയും ചെയ്തിരുന്നു. ഇന്നലെ പുലർച്ചെ അമേരിക്കയിലുള്ള മകളുടെ അടുക്കലേക്കു പോകാൻ ഭാര്യയ്ക്കൊപ്പം നെടുമ്പാശേരി വിമാനത്താവളത്തിൽ എത്തിയപ്പോൾ ഇമിഗ്രഷൻ വിഭാഗം തടഞ്ഞുവച്ചു പോലീസിനു കൈമാറുകയായിരുന്നു. ഭാര്യ പിന്നീട് അമേരിക്കയിലേക്കു

● ഗോപിനാഥൻ നായർ

പോയി.

സംസ്ഥാനത്തെ പിടിച്ചുലച്ച സഹകരണ വിവാദമായിരുന്ന ഇളംകുളം സർവീസ് സഹകരണ ബാങ്ക് അഴിമതി. സി.പി.എം. ജില്ലാ കമ്മിറ്റിയംഗമായിരുന്ന പി. എ. മദനമോഹൻ കർത്ത പ്രസിഡന്റായിരുന്ന ബാങ്കിലെ അഴിമതി 1997ലാണ് പുറത്താകുന്നത്. തുടർന്ന് അതേവർഷം സെപ്റ്റംബർ നാലിനു ഭരണസമിതി പിരിച്ചു വിട്ട്, അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തി. യു.ഡി.എഫ്. നേതൃത്വത്തിൽ സമരം ശക്തമാക്കിയതോടെ അന്വേഷണം വിജിലൻസിനു കൈമാറി. 13 കോടിയിലേറെ രൂപയുടെ തട്ടിപ്പാണ് ബാങ്കിൽ നടന്നതെന്നായിരുന്നു അന്നത്തെ ആരോപണം.

കേസിൽ പ്രതിയാക്കപ്പെട്ടതിനു പിന്നാലെ ഗോപിനാഥൻ നായർ അബുദാബിയിലേക്കു കടന്നിരുന്നു. കോവിഡ് കാലത്തു തിരിച്ചുവന്ന് എറണാകുളം തിരുവാങ്കുളത്തു വാടകവീട്ടിൽ താമസം തുടങ്ങി.

ഇവിടെനിന്ന് അമേരിക്കയിലേക്കു പോകുമ്പോഴാണ് അറസ്റ്റുണ്ടായത്. മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

ഇയാൾക്കെതിരേ 38 വാറന്റുകൾ വിജിലൻസ് സംഘം പുറപ്പെടുവിച്ചിട്ടുണ്ട്.

ഏഴംഗസമിതിയെ നിയോഗിക്കും: ഫെഫ്ക

കൊച്ചി: സിനിമാ ലൊക്കേഷനുകളിലെ ലഹരി ഉപയോഗം തടയാൻ ഏഴംഗസമിതിയെ നിയോഗിക്കുമെന്നു സംവിധായകരുടെ സംഘടനയായ ഫെഫ്കയുടെ പ്രഖ്യാപനം. കൊച്ചിയിൽ ഫെഫ്ക ജനറൽസെക്രട്ടറി ബി. ഉണ്ണികൃഷ്ണനാണു സിനിമാ ലൊക്കേഷനുകളിൽ ജാഗ്രതാസമിതിയെ നിയോഗിക്കുമെന്ന പ്രഖ്യാപനം നടത്തിയത്. നിരോധിത ലഹരിമരുന്നുകളുടെ വ്യാപനം സിനിമാമേഖലയിൽ പടരുന്നതു തടയുകയാണ് ഇത്തരം സമിതി രൂപീകരിക്കുന്നതുകൊണ്ടു ലക്ഷ്യമിടുന്നതെന്നും ലൊക്കേഷനുകളിലെ ലഹരിമരുന്ന് ഉപയോഗം ഒരുതരത്തിലും അനുവദിക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു. ഓരോ സിനിമാ സെറ്റുകളിലും രൂപീകരിക്കുന്ന ജാഗ്രതാസമിതിയിൽ ആ സിനിമയുടെ സംവിധായകനും പ്രൊഡക്ഷൻ കൺട്രോളറും നിർബന്ധമായും അംഗങ്ങളാകണം. ഇതിനുപുറമേ സാങ്കേതിക പ്രവർത്തകരെ ഉൾപ്പെടെ സമിതിയിൽ ഉൾപ്പെടുത്തും.

● പാലാരിവട്ടം അജ്മൽ ബിസ്മിയിൽ നല്ലോണം പൊന്നോണം ഓഫറിന്റെ ബമ്പർ സമ്മാനമായ 100 പവൻ സ്വർണ്ണം ലഭിക്കുന്ന ഭാഗ്യശാലികളെ കണ്ടെത്താനുള്ള നറുക്കെടുപ്പ് അജ്മൽ ബിസ്മി ബിസിനസ് ഹെഡ് ഷോൺ വർഗീസ് നിർവഹിക്കുന്നു. മംഗളം

പോക്സോ കേസ് പ്രതിയായ ഹൈക്കോടതി അഭിഭാഷകന്റെ അറസ്റ്റ് തടഞ്ഞ് സുപ്രീംകോടതി

പത്തനംതിട്ട: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ക്രൂരമായ ലൈംഗിക പീഡനത്തിന് ഇരയാക്കിയ കേസിൽ ഒന്നാം പ്രതിയായ ഹൈക്കോടതി അഭിഭാഷകന്റെ അറസ്റ്റ് തടഞ്ഞ് സുപ്രീംകോടതി. മലപ്പുറം പൊന്നാനി തോട്ടത്തിൽ നൗഷാദി(58)നെ മുൻകൂർ ജാമ്യഹർജിയിൽ അന്തിമവിധി വരും വരെ അറസ്റ്റ് ചെയ്യരുതെന്ന് സുപ്രീംകോടതി ഉത്തരവിട്ടു. പോലീസ് അന്വേഷണവുമായി സഹകരിക്കണമെന്നും ചോദ്യം ചെയ്യലിന് വിളിപ്പിച്ചാൽ ഹാജരാകണമെന്നും കോടതി നിർദേശിച്ചു.

ആറന്മുള പോലീസ് രജിസ്റ്റർ ചെയ്ത പോക്സോ കേസിൽ ജസ്റ്റിസ് ബി.വി. നാഗരത്ന അധ്യക്ഷയായ ബെഞ്ചിന് മുന്നിൽ എത്തിയ മുൻകൂർ ജാമ്യഹർജി ഉടനടി കോടതി പരിഗണിക്കുകയും നൗഷാദിനെ കുറിച്ചുള്ള വിവരങ്ങൾ ആരായുകയും ചെയ്തു.

നൗഷാദിന് വേണ്ടി അഡ്വ. ആർ. ബസന്ത്, അഡ്വ. കാർത്തിക് എന്നിവരാണ് ഹാജരായത്. കേസ് വ്യാജമാണെന്നായിരുന്നു ഇവരുടെ വാദം. ഒരു അഭിഭാഷകനിൽ നിന്നുമാണോ ഇത്തരമൊരു പ്രവൃത്തി ഉണ്ടായതെന്ന് കോടതി എടുത്തു ചോദിച്ചു.

കേസ് വാദത്തിലേക്ക് കടക്കേണ്ടതിനാൽ സംസ്ഥാന സർക്കാർ ഉൾപ്പെടെ എതിർകക്ഷികൾക്ക് കോടതി നോട്ടീസ് അയച്ച് പശ്ചാത്തലത്തിലാണ് അറസ്റ്റ് തടഞ്ഞ് പോലീസിന് നിർദേശം നൽകിയത്. സ്റ്റാൻഡിങ് കോൺസൽ മുഖേനെ പോലീസിന് നോട്ടീസ് നൽകാനും കോടതി നിർദേശിച്ചു.

അഡ്വ. നൗഷാദിന്റെ മുൻകൂർ ജാമ്യഹർജി ഹൈക്കോടതി തള്ളിയത് രൂക്ഷമായ പരാമർശങ്ങളോടെയായിരുന്നു. കേസ് പരിഗണിച്ച ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ അതിജീവിതയുടെ മൊഴി നിറകണ്ണുകളോടെ മാത്രമേ വായിക്കാൻ കഴിയൂവെന്ന് പറഞ്ഞിരുന്നു.

മാതാപിതാക്കൾ പിണങ്ങി താമസിക്കുന്ന പതിനാറുകാരിയെ 2023 ജൂൺ മുതൽ നൗഷാദ് ക്രൂരപീഡനത്തിന് ഇരയാക്കിയെന്നാണു കേസ്. മദ്യം കൊടുത്തായിരുന്നു പീഡനമെന്നും കുട്ടിയെ എത്തിച്ചു കൊടുത്തത് അതിജീവിതയുടെ അടുത്ത ബന്ധുവാണെന്നും പരാതിയിൽ പറയുന്നു.

പെൺകുട്ടിയുടെ പരാതിയിൽ പോക്സോ കേസ് എടുത്ത കോന്നി പോലീസ് സംഭവം നടന്നത് ആറന്മുള സ്റ്റേഷൻ പരിധിയിൽ ആയതിനാൽ അവിടേക്ക് കൈമാറി. കേസിലെ രണ്ടാം പ്രതിയായ അടുത്ത ബന്ധുവിനെ മൂന്നു മാസം മുൻപ് അറസ്റ്റ് ചെയ്തുവെങ്കിലും മുഖ്യപ്രതിയായ അഭിഭാഷകനെ പോലീസ് തൊടാൻ പോലും തയാറായിരുന്നില്ല.

നിറത്തിന്റെ പേരിൽ അപമാനിക്കപ്പെട്ടെന്ന് ചീഫ് സെക്രട്ടറി

തിരുവനന്തപുരം: വർണവിവേചനം നേരിട്ടെന്ന വെളിപ്പെടുത്തലുമായി ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ.

തന്റെയും മുൻ ചീഫ് സെക്രട്ടറി കൂടിയായ ഭർത്താവ് വി. വേണുവിന്റെയും നിറവ്യത്യാസം സൂചിപ്പിച്ച് ഒരാൾ നടത്തിയ മോശം പരാമർശത്തെക്കുറിച്ചായിരുന്നു ചീഫ് സെക്രട്ടറിയുടെ ഫെയ്സ്ബുക്ക് പോസ്റ്റ്.

ചീഫ് സെക്രട്ടറിക്കു പിന്തുണ അറിയിച്ചും വർണവിവേചനം നേരിട്ടതു സംബന്ധിച്ച അനുഭവങ്ങൾ പങ്കുവച്ചും രാഷ്ട്രീയ-സാംസ്കാരികമേഖലകളിലെ നിരവധിപ്പേർ രംഗത്തെത്തി. പ്രതിപക്ഷനേതാവ് വി.ഡി. സതീശനും മുൻപ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയും ഇവരിൽ ഉൾപ്പെടുന്നു.

ആരാണ് തന്നെ അപമാനിച്ചതെന്നു ചീഫ് സെക്രട്ടറി വെളിപ്പെടുത്തിയില്ല. വിവാദമായ ശേഷവും അയാൾ തന്നോട് മാപ്പുപറഞ്ഞില്ലെന്നു ശാരദ പ്രതികരിച്ചു.

ഉദ്യോഗസ്ഥതലത്തിൽ ആരെങ്കിലുമാണോ അപമാനിച്ചതെന്ന ചോദ്യത്തോട് അതെയെന്നോ അല്ലെന്നോ പ്രതികരിച്ചില്ല.

ഭർത്താവ് വേണുവിന്റെ പിന്തുണയോടെയാണ് ഇക്കാര്യം പൊതുസമൂഹത്തിൽ ചർച്ചയാക്കുന്നതെന്നും ചീഫ് സെക്രട്ടറി വിശദീകരിച്ചു.

കഴിഞ്ഞ ഏഴുമാസമായി തന്റെയും ഭർത്താവിന്റെയും നിറം താരതമ്യം ചെയ്യപ്പെടുന്നുണ്ടെന്നും അതിൽ വലിയ വേദന തോന്നിയെന്നും ഫെയ്സബുക്ക് കുറിപ്പിൽ പറയുന്നു. വർണവിവേചനം നേരിട്ടതുമായി ബന്ധപ്പെട്ട ആദ്യകുറിപ്പ് പിന്നീട് പിൻവലിച്ചു.

കമന്റുകൾ തന്നെ അസ്വസ്ഥയാക്കിയതിനാലാണു പോസ്റ്റ് പിൻവലിച്ചതെന്നു ശാരദ വ്യക്തമാക്കി. ഇത് ചർച്ചചെയ്യേണ്ട കാര്യമാണെന്നു ചില അഭ്യുദയകാംക്ഷികൾ പറഞ്ഞതോടെ വീണ്ടും പോസ്റ്റ് ചെയ്തു. കറുപ്പിനെ ഇത്ര മോശമായി കാണുന്നതെന്തിനാണെന്നും അതൊരു മനോഹരമായ നിറമാണെന്നും കുറിപ്പിൽ പറയുന്നു.'

കറുപ്പിനെന്താ കുഴപ്പം?' എന്ന ടാഗ് ലൈനോടെ സാമൂഹികമാധ്യമങ്ങളിൽ വൻസ്വീകാര്യതയാണു ചീഫ് സെക്രട്ടറിക്കു ലഭിക്കുന്നത്.

പുരോഗമനകേരളമെന്ന ലക്ഷ്യത്തിലേക്കുള്ള ഒരധ്യായം മാത്രമാണിതെന്നു ശാരദ മുരളീധരൻ പറഞ്ഞു.

അപ്രതീക്ഷിതമായിരുന്നു പരാമർശം. പറഞ്ഞയാൾ ഇതുവരെ മാപ്പുപറഞ്ഞിട്ടില്ല. പറഞ്ഞയാളെ അറിയില്ല. മക്കളുമായി ഇക്കാര്യം ചർച്ചചെയ്തു.

YES BANK
യെസ് ബാങ്ക് ലിമിറ്റഡ്
രജി. ഓഫീസ് : യെസ് ബാങ്ക് ഹൗസ്, വെസ്റ്റേൺ എക്സ്പ്രസ് ഹൈവേ, സാന്റാക്രൂസ് ഈസ്റ്റ് മുംബൈ 400055

സർഫേസി നിയമത്തിന്റെ 13(2) നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രകാരം താഴെ പട്ടികയിൽ വിവരിച്ച പ്രകാരം സ്ഥലത്തിന്റെ വായ്പക്കാരും/ സഹവായ്പക്കാരും/ ജാമ്യക്കാരും/പണയക്കാരും അവരുടെ പേരിനു നേരെ കാണിച്ച കുടിശ്ശിക തുകയും അതിന്മേലുള്ള പലിശയും ചാർജ്ജുകളുമടക്കം 60 ദിവസത്തിനകം തിരിച്ചടക്കുന്നതിന് മേൽ കാണിച്ച ആക്ടിന്റെ റൂൾസ് 2002 സെക്ഷൻ 13(2) പ്രകാരം പട്ടികയിൽ കാണിച്ച തീയ്യതിക്ക് ഡിമാൻഡ് നോട്ടീസ് അയച്ചിരുന്നു.

താങ്കൾ ടി കുടിശ്ശിക തുക മുഴുവനായും തിരിച്ചടക്കുവാൻ വീഴ്ച വരുത്തിയതിനാൽ ടി അക്കൗണ്ട് നിഷ്ക്രിയ ആസ്തിയായി (NPA) തീർന്നിട്ടുള്ളതാണ്. ആയതിനാൽ സർഫേസി ആക്ട് സെക്ഷൻ 13(2) പ്രകാരം കുടിശ്ശിക തുകയും പലിശയും മറ്റു ചിലവുകളും സഹിതം നോട്ടീസ് തീയ്യതി മുതൽ 60 ദിവസത്തിനകം കുടിശ്ശിക തുക അടച്ചു തീർക്കണമെന്ന് കാണിച്ച് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളതാണ്. അതിൽ വീഴ്ച വരുന്ന പക്ഷം ടി തുക ഈടാക്കിയെടുക്കുന്നതിനായി സെക്ഷൻ 13 (4) വകുപ്പ് പ്രകാരം ബാങ്കിന് സിദ്ധിച്ചിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് താഴെ വിവരിച്ച ഈടു വസ്തു വഹകൾ കൈവശ പെടുത്തി വിൽക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതു മാണെന്നുമുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. താഴെ വിവരിച്ചിട്ടുള്ള വസ്തുക്കൾ വിൽക്കു വാനോ പണയപ്പെടുത്തുവാനോ മറ്റു യാതൊരു വിധ ഇപാടുകളും ബാങ്കിന്റെ രേഖാ മൂലമായ അനുമതി കൂടാതെ നടത്തുവാൻ പാടില്ലെന്നു കൂടി ഇതിനാൽ അറിയിക്കുന്നു. ബാങ്കിന് ലഭ്യമായിട്ടുള്ള ഏതൊരു പരിഹാര ക്രിയയ്ക്കും ഹാനിയും, ഊനവും തടസവും കൂടാത്ത വിധം താങ്കൾക്കുള്ള ഈ നോട്ടീസ് പരസ്യപ്പെടു ത്തുന്നതാകുന്നു.

SARFAESI ആക്ടിലെ സെക്ഷൻ വകുപ്പ് പ്രകാരം വായ്പക്കാർക്ക് ഈടുവസ്തു തിരിച്ചെടുക്കുന്നതിനുള്ള സമയം ലഭ്യമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തി ക്കൊള്ളുന്നു.

നമ്പർ	ലോൺ അക്കൗണ്ട് ന.	വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ പണയക്കാരന്റെയും ജാമ്യക്കാരന്റെ പേര്	സെക്ഷൻ 13(2) നോട്ടീസ് തീയ്യതി	എൻപിഎ തീയ്യതി	നോട്ടീസ് തീയ്യതി പ്രകാരമുള്ള കുടിശ്ശിക തുക
1	AFH03490880253	1) ശീ ബൈജു സോമൻ (2) ശ്രീമതി അജിത എസ്	29.01.2025	14 ഡിസംബർ24	29.01.2025 ലെ രൂപ 2,527,893.00

വസ്തുവിന്റെ വിവരണം: തിരുവനന്തപുരം ജില്ല, കാട്ടാക്കട താലൂക്ക്, വീരണാക്കാവ് വില്ലേജിൽ റി.സ.ന. 249/10-1, ബ്ലോക്ക് ന.44 (ടി പി ന.21519) കാട്ടാക്കട സബ് രജിസ്ട്രിയിൽ ഉള്ള ആധാരം ന. 757/2024 ൽ ഉൾപ്പെട്ട 02.43 ആർസ് സ്ഥലവും മറ്റു സകലതും. **അതിരുകൾ (ലൊക്കേഷൻ മാപ്പ് 621/24) കിഴക്ക്** : പഞ്ചായത്ത് റോഡ്, **പടിഞ്ഞാറ്** : ദാമോധരൻ പോറ്റി കൈവശം വസ്തു, **വടക്ക്** : ദാമോധരൻ പോറ്റി കൈവശം വസ്തു, **തെക്ക്** : ദാമോധരൻ പോറ്റി കൈവശം വസ്തു.

കൂടാതെ സർഫേസി നിയമത്തിലെ സെക്ഷൻ 13(8) പ്രകാരം, പൊതു ലേലം/ടെൻഡർ /സ്വകാര്യഉടമ്പടി എന്നിവയ്ക്കുള്ള അറിയിപ്പ് പ്രസിദ്ധീകരിക്കുന്ന തീയ്യതിക്ക് മുമ്പ്, ഏത് സമയത്തും സെക്യൂരഡ് ക്രെഡിറ്ററുടെ കുടിശ്ശിക തുകയും സെക്യൂരഡ് ക്രെഡിറ്റർ വരുത്തിയ എല്ലാ ചിലവുകളും ചാർജ്ജുകളും സെക്യൂരഡ് ക്രെഡിറ്ററിന് നൽകുമ്പോൾ സെക്യൂരഡ് ആസ്തി വിൽക്കുകയോ കൈമാറും ചെയ്യുകയോ ചെയ്യില്ല, കൂടാതെ ആ സെക്യൂരഡ് ആസ്തിയുടെ കൈമാറ്റത്തിനോ വിൽപനയ്ക്കോ മറ്റ് നടപടികൾ സ്വീകരിക്കുകയുമില്ലെന്ന് ഇതിനാൽ അറിയിക്കുന്നു.

തീയ്യതി : 27.03.2025 സ്ഥലം: തിരുവനന്തപുരം (ഒപ്പ്) അധികാരപെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ, യെസ് ബാങ്ക് ലിമിറ്റഡ്

വിപണിയിലെ കുതിപ്പിനു ശമനം;

മുംബൈ: ഏഴുദിവസമായി വിപണിയിൽ തുടർന്ന കുതിപ്പ് നിലച്ച് സൂചികകൾ. ഇന്നലെ വിപണികൾ കുത്തനെ ഇടിഞ്ഞു. സെൻസെക്സ് 77228.50 പോയിന്റിലും നിഫ്റ്റി 24486.85 പോയിന്റിലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

വിശാലവിപണിയിൽ ബി.എസ്.ഇ. സ്മോൾ ക്യാപ് സൂചിക 1.45 ശതമാനവും മിഡ്ക്യാപ് സൂചിക 0.67 ശതമാനവും ഇടിഞ്ഞു. നിഫ്റ്റി മീഡിയയാണ് ഏറ്റവും കൂടുതൽ നഷ്ടത്തിലായത്. 2.40 ശതമാനം ഇടിവ് രേഖപ്പെടുത്തി. എച്ച്.ഡി.എഫ്.സി ബാങ്ക്, ഇൻഫോസിസ്, റിലയൻസ് ഇൻഡസ്ട്രീസ്, ആക്സിസ് ബാങ്ക്, ഐ.സി.ഐ.സി. ബാങ്ക് എന്നിവയ്ക്കു വൻവീഴ്ച നേരിട്ട ദിവസമായിരുന്നു ഇന്നലെ. കേരള കമ്പനികളുടെ ഓഹരികൾക്കും തകർച്ച നേരിട്ടു.

പോലീസിന്റെ രക്ഷാദൗത്യം പൂർണം: നൗഷാദിന് വേണ്ടി രാഷ്ട്രീയ ഇടപെടൽ?

പത്തനംതിട്ട: അതിക്രൂരമായ പീഡനമാണ് അഭിഭാഷകൻ പ്രതിയായ പോക്സോ കേസിൽ അതിജീവിതയ്ക്ക് നേരിടേണ്ടി വന്നത്. അതിജീവിതയുടെ മൊഴി, വിക്ടിം റൈറ്റ് സെന്റർ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ റിപ്പോർട്ട്, കേസ് ഡയറി, കൗൺസലിങ് റിപ്പോർട്ട് എന്നിവ പരിഗണിച്ചതിനു ശേഷം ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ നടത്തിയ പരാമർശം കേസിന്റെ തീവ്രത വെളിവാക്കുന്നതായിരുന്നു. കേസ് രജിസ്റ്റർ ചെയ്ത് ആറു മാസം കഴിഞ്ഞിട്ടും മുൻ ഗവ.പ്ലീഡർ കൂടിയായ നൗഷാദിനെ തൊടാൻ പോലീസ് തുനിഞ്ഞില്ല. ഇതേ കുറിച്ച് അന്വേഷണ ഉദ്യോഗസ്ഥരോട് ചോദിച്ചാൽ അയാൾ ഒളിവിലാണ് പിന്നാലെയുണ്ട് എന്ന മറുപടിയാണ് ലഭിച്ചിരുന്നത്.

ഉന്നത തലത്തിൽ നിന്നും പോലീസിന്റെ മേൽ ശക്തമായ ഇടപെടൽ ഉണ്ടായി എന്ന വിവരമാണ് പുറത്തു വരുന്നത്. ഒരു കാരണവശാലും നൗഷാദിനെ തൊടാൻ പാടില്ല എന്നായിരുന്നു നിർദേശം. ഇതു കാരണം ജില്ലാ കോടതി, ഹൈക്കോടതി, സുപ്രീംകോടതി എന്നിവിടങ്ങളിൽ മുൻകൂർ ജാമ്യഹർജിയുമായി പോകാൻ നൗഷാദിന് കഴിഞ്ഞു. അഭിഭാഷകൻ എന്നുള്ള പദവി നൗഷാദിന് തുണയായി എന്നാണ് ആരോപണം. ജില്ലാ കോടതി ജാമ്യം നിഷേധിച്ചതിനെ തുടർന്ന് നൗഷാദ് ഹൈക്കോടതിയെ സമീപിച്ചു.

ഇവിടെ നിന്ന് അറസ്റ്റ് തടഞ്ഞു കൊണ്ട് താൽക്കാലിക ഉത്തരവ് വാങ്ങിയെങ്കിലും ഹർജി തള്ളിക്കൊണ്ടുള്ള അന്തിമ വിധി വന്നതിന് തൊട്ടുപിന്നാലെ നൗഷാദ് സുപ്രീംകോടതിയിൽ എത്തുന്നതാണ് കണ്ടത്. ഉടൻ തന്നെ ആ ഹർജി കോടതി പരിഗണിക്കുകയും ചെയ്തു.

സാധാരണ ഒരു ഹർജിക്ക് കിട്ടുന്നതിനേക്കാൾ വേഗം നൗഷാദിന് കിട്ടിയെന്നതാണ് അത്ഭുതപ്പെടുത്തുന്നതെന്ന് നിയമ വിദഗ്ധർ പറയുന്നു. ഇവിടെയെല്ലാം നൗഷാദിന് സഹായമായി വന്നത് പോലീസിന്റെ മെല്ലെപ്പോക്ക് നയമായിരുന്നു. പ്രായപൂർത്തിയാകാത്ത വിദ്യാർഥിനിയുടെ മൊഴി പ്രകാരം എടുത്ത പോക്സോ കേസുകളിൽ ഒരാഴ്ചയ്ക്കുള്ളിൽ 58 പ്രതികളെ അഴിക്കുള്ളിലാക്കിയ പത്തനംതിട്ടയിലെ പോലീസാണ് നൗഷാദിന്റെ കേസിൽ കണ്ണടച്ചത് എന്നും വ്യക്തം.

2023 ജൂൺ 10 ന് കോഴഞ്ചേരിയിലെ ഹോട്ടൽ മുറിയിൽ വച്ചാണ് ആദ്യമായി കുട്ടിയെ പീഡിപ്പിച്ചതെന്നും കഠിനമായ ലൈംഗിക വൈകൃതങ്ങൾ കാട്ടിയതു കാരണം കുട്ടിക്ക് രക്തസ്രാവം ഉണ്ടായെന്നും പരാതിയിൽ പറയുന്നു. കഴിഞ്ഞ വർഷം ജൂൺ വരെ ലൈംഗിക പീഡനങ്ങൾ ഇയാൾ തുടർന്നു.

ഇയാൾക്ക് എല്ലാ സൗകര്യങ്ങളും ഒത്താശയും ചെയ്തു കൊടുത്തത് പെൺകുട്ടിയുടെ ബന്ധുവായ യുവതിയാണ്. പ്ലസ് വൺ അവധി കാലയളവിൽ എറണാകുളത്ത് എത്തിച്ചും ക്രൂരലൈംഗിക പീഡനങ്ങൾക്ക് ഇരയാക്കി. പീഡനവിവരം പുറത്തു പറഞ്ഞാൽ തങ്ങളുടെ കൈവശം പീഡനദൃശ്യങ്ങൾ ഉണ്ടെന്നും അതുവച്ച് അച്ഛനെയും മകളെയും കുടുക്കുമെന്നും പറഞ്ഞ് കുട്ടിയെ ഭീഷണിപ്പെടുത്തിയെന്നും പരാതി.

പണത്തിന് വേണ്ടിയാണ് ആരോപണങ്ങൾ ഉന്നയിക്കുന്നതെന്ന നൗഷാദിന്റെ വാദം ഹൈക്കോടതി തള്ളിയിരുന്നു. ഒരാൺകുട്ടിക്കേതിരേ സമാന ആരോപണം പെൺകുട്ടി ഉന്നയിച്ചിരുന്നുവെന്നും പിന്നെ ഒത്തുതീർപ്പാക്കിയെന്നും വിശദീകരിച്ചു.

എന്നാൽ ഇക്കാര്യത്തിൽ ഹർജിക്കാരുടെയും മറ്റുള്ളവരുടെയും നിർബന്ധത്തിനു വഴങ്ങിയാണ് അതിജീവിത മൊഴി നൽകിയതെന്ന് വിക്ടിം റൈറ്റ്സ് സെന്റർ പ്രോജക്ട് കോ-ഓർഡിനേറ്റർ അഡ്വ. പാർവതി എ. മേനോന്റെ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. ഇതൊക്കെ കൊണ്ടാണ് നൗഷാദിന്റെ ജാമ്യഹർജി ഹൈക്കോടതി തള്ളിയത്.

നിലവിൽ സുപ്രീംകോടതി അറസ്റ്റ് തടയുകയും ചോദ്യം ചെയ്യലിന് പോലീസിന് മുന്നിൽ ഹാജരാകാൻ നിർദേശിക്കുകയും ചെയ്തതോടെ നൗഷാദിന് മുൻകൂർ ജാമ്യം ലഭിക്കുമെന്ന് ഏതാണ്ട് ഉറപ്പായി. ചോദ്യം ചെയ്യൽ കഴിഞ്ഞാൽ പിന്നെ പോലീസ് കസ്റ്റഡി ആവശ്യം ഉന്നയിക്കാൻ സാധ്യത കുറവാണ്.

കേരള വാട്ടർ അതോറിറ്റി / ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ് : WRD/KWA-CE(SR)/TR/31098/2024_26_1_1/1 , ജലജീവൻ മിഷൻ - ചാത്തന്നൂർ പഞ്ചായത്തിലെ ബാലൻസ് പ്രവൃത്തികൾ - നിലവിലുള്ളവിതരണ ലൈനുകളിൽ നിന്നും കുടിവെള്ളകണക്ഷനുകൾ നൽകുന്ന പ്രവൃത്തി, നിരതദ്രവ്യം : Rs. 50000/-, ടെണ്ടർ ഫീസ് : Rs. 2760, ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 03-04-2025 04:00:pm,
ഫോൺ : 0474-2748857
വെബ്സൈറ്റ് www.kwa.kerala.gov.in, www.etenders.kerala.gov.in
എക്സിക്യൂട്ടീവ് എഞ്ചിനീയർ PH ഡിവിഷൻ, കൊല്ലം
KWA-JB-GL-6-1255-2024-25

കേരള വാട്ടർ അതോറിറ്റി / ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ് : 1.WRD/KWA-CE (SR)/TR/2231/2025_26_1_1/1, 2. WRD/KWA-CE (SR)/TR/6928/2025_26_1_1/1, 3. WRD/KWA-CE (SR)/TR/28664/2024_26_1_1/1 , 1. O&M ജലവിതരണ പദ്ധതികൾ- കൊട്ടാരക്കര നഗരസഭ, നെടുവത്തൂർ, കുളക്കട പവിത്രേശ്വരം പഞ്ചാ-പ്രദേശങ്ങളിലെ കുടിവെള്ളവിതരണ ലൈനുകളിൽ വാർഷിക അറ്റകുറ്റ പണികൾ, നിരതദ്രവ്യം : Rs. 1. 31774, 2. 30493, 3. 31757/-, ടെണ്ടർ ഫീസ് : Rs. 2760/Each, ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 09-04-2025 02:00:pm, ഫോൺ : 0474 2454996
വെബ്സൈറ്റ് www.kwa.kerala.gov.in, www.etenders.kerala.gov.in
അസിസ്റ്റൻഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ PH ഡിവിഷൻ, കൊട്ടാരക്കര
KWA-JB-GL-6-1254-2024-25

കേരള സംസ്ഥാന ഭാഗ്യക്കുറി FIFTY-FIFTY FF- 134 DRAW RESULT 26/03/2025

ഒന്നാം സമ്മാനം ₹1 കോടി FW 471230 കൊല്ലം

സമാശ്വാസ സമ്മാനം ₹ 8000: FN 471230 FO 471230 FP 471230 FR 471230 FS 471230 FT 471230 FU 471230 FV 471230 FX 471230 FY 471230 FZ 471230

രണ്ടാം സമ്മാനം ₹10 ലക്ഷം FW 429848 മലപ്പുറം

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

മൂന്നാം സമ്മാനം ₹5000: 0401 0438 1235 2290 2319 2653 3359 3688 3742 3831 4300 5065 5203 5422 5890 6496 6973 7533 7932 8845 8854 9283 9363

നാലാം സമ്മാനം ₹2000: 0877 0974 1956 2315 3004 4271 6535 7017 7550 7850 8141 9514

അഞ്ചാം സമ്മാനം ₹1000: 0384 0800 1899 1923 2023 2384 2834 3432 3449 3633 3652 4290 4781 4852 5229 5407 6217 6370 6740 7044 7935 9038 9501 9961

ആറാം സമ്മാനം ₹500: 0174 0292 0373 0379 0397 0526 0566 0568 0605 0615 0621 0715 0777 0796 1004 1391 1415 1436 1479 1505 1634 1638 1963 2120 2281 2443 2844 2868 3019 3035 3249 3316 3472 3476 3506 3510 3816 3871 3949 4105 4406 4440 4568 4571 4696 4990 5045 5111 5200 5201 5316 5569 5701 5814 5868 5962 5992 6062 6162 6163 6243 6324 6428 6435 6895 6949 7004 7142 7156 7221 7261 7298 7322 7466 7477 7496 7527 7840 7879 7997 7998 8227 8274 8336 8411 8542 8611 8715 8891 9359 9412 9487 9498 9932 9940 9949

ഏഴാം സമ്മാനം ₹100: 0010 0064 0067 0087 0107 0140 0176 0336 0411 0482 0785 0845 0880 0948 1018 1039 1086 1225 1262 1386 1419 1528 1539 1553 1637 1844 1874 1886 1941 1979 2100 2318 2364 2381 2387 2393 2444 2515 2574 2808 3098 3214 3339 3360 3369 3481 3499 3670 3736 3821 3951 4